# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/1048/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/06/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/1048/2022 തീയ്യതി: 07/06/2022

## മലപ്പുറം ജില്ലയിലെ പോരുർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോരുർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2019 മുതൽ 16-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 18-04-2022 | 25-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-04-2022 | 25-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സഹറുദ്ധീൻ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ.എം.ജിനചന്ദ്രൻ | സെക്രട്ടറി | 24-04-2019 | 24-11-2019 |
| ശ്രീ.സഹറുദ്ധീൻ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-11-2019 | 17-12-2019 |
| ശ്രീ.സുരേഷ്.എം.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-12-2019 | 23-01-2020 |
| ശ്രീ. സത്യകുമാരൻ.കെ.കെ | സെക്രട്ടറി | 24-01-2020 | 31-03-2020 |
| ശ്രീമതി.അർച്ചന.എൻ.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സഹറുദ്ധീൻ.എ | അസി. സെക്രട്ടറി | 01-04-2019 | 13-12-2019 |
| ശ്രീ.ഷാജി.സി | അസി. സെക്രട്ടറി (ഇൻ ചാർജ്) | 14-12-2019 | 17-12-2019 |
| ശ്രീ.സുരേഷ്.എം.ജി | അസി. സെക്രട്ടറി | 18-12-2019 | 31-03-2020 |
| ശ്രീമതി.ഗ്രീഷ്മ.ജി.ആർ | അസി. എഞ്ചിനീയർ | 01-04-2019 | 23-07-2019 |
| ശ്രീ.അരുൺ.വി | അസി. എഞ്ചിനീയർ | 24-07-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.എ.ആർ | വി ഇ ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലിനി.ജി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.വിനയൻ.പി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.രാജൻ.പി | വെറ്ററിനറി സർജൻ | 01-04-2019 | 23-08-2019 |
| ഡോ.രവികുമാർ.എം | വെറ്ററിനറി സർജൻ | 24-08-2019 | 31-03-2020 |
| ശ്രീമതി.ജിഷ.പി.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-12-2019 |
| ശ്രീമതി.നിമ്മി.കെ.എബ്രഹാം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-12-2019 | 31-03-2020 |
| ശ്രീ.മുഹമ്മദാലി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-07-2019 |
| ശ്രീമതി.അനല എസ്.മേനോൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-07-2019 | 31-03-2020 |
| ഡോ.മുഹമ്മദ് സിജിൽ | മെഡിക്കൽ ഓഫീസർ ( PHC) | 01-04-2019 | 31-03-2020 |
| ഡോ.ഷെമി.പി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2019 | 03-06-2019 |
| ഡോ.സിന്ധ്യ.പി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 04-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.ഉണ്ണികൃഷ്ണൻ | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2019 | 21-01-2020 |
| ഡോ.സുനിൽബാബു.പി.പി | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 22-01-2020 | 31-03-2020 |

--

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 23-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 23-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 23-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 23-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ.<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 23-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 23-04-2022) | 1-11 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെൻറ് പരിശോധന<br>Written By: Ramakrishnan.T (Senior Grade Auditor, On 28-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 28-04-2022) | 1-11-1 |
| 13 | വസ്തു നികുതി-സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല.<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-12 |
| 14 | രശീതികളുടെ ഉപയോഗം - അപാകതകൾ<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-13 |
| 15 | കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-14 |
| 16 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-15 |
| 17 | എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസനപ്രവൃത്തി നടത്തിയത്; അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 1-16 |

| | | |
|---|---|---|
| 18 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-17 |
| 19 | കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം നൽകിയ 4710 രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-18 |
| 20 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-19 |
| 21 | എസ്.സി കോളനി ഭവനസുരക്ഷ പ്രവൃത്തി- പ്രൊജക്ട് മാർഗ്ഗരേഖക്ക് വിരുദ്ധം<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-20 |
| 22 | വെറ്റിനറി ഡിസ്പെൻസറി കെട്ടിടം അറ്റകുറ്റപ്പണി എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-21 |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-22 |
| 24 | വിദ്യാദീപ്തി സമഗ്ര വിദ്യാഭ്യാസ പരിപാടി - സർക്കാർ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramakrishnan.T (Senior Grade Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-23 |
| 25 | ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്ത വായനശാലകൾക്ക് ഫർണ്ണീച്ചർ - കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-24 |
| 26 | സാക്ഷരത തുല്യത പരീക്ഷ ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 25-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 25-04-2022) | 1-25 |
| 27 | പട്ടികജാതി വനിതകൾക്ക് വാട്ടർടാങ്ക് വിതരണം പദ്ധതി – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 27-04-2022) | 1-26 |
| 28 | ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-27 |
| 29 | പെർമിറ്റ് ഫീസ് ഈടാക്കിയതിലെ അപാകത<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-28 |
| 30 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-29 |
| 31 | തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: Sujatha M (Auditor, On 25-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 1-30 |
| 32 | പട്ടികജാതി കുടുംബങ്ങളുടെ വീട് വയറിംഗ് – പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 25-04-2022)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 25-04-2022) | 1-31 |

| | | |
|---|---|---|
| 33 | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - ചെലവ് തുക തിരികെ ലഭിച്ചില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 26-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-32 |
| 34 | ഭരണസമിതി തീരുമാനം - തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Muhammed Saleem T (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-33 |
| 35 | മുൻകൂർ വർഷങ്ങളോളമായി ക്രമീകരിക്കാതെ കിടക്കുന്ന<br>Written By: Muhammed Saleem T (Asst. Audit Officer, On 27-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 1-34 |
| | **ഭാഗം 2** | |
| 1 | ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്<br>Written By: Sujatha M (Auditor, On 06-05-2022)<br>Last Updated By: Sujatha M (Auditor, On 06-05-2022) | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 25-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Unni.P (Deputy Director, On 07-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Sujatha M (Auditor, On 24-04-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sujatha M (Auditor, On 24-04-2022)<br>Last Updated By: Unni.P (Deputy Director, On 31-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 11.02.2019 | ഇല്ല |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 17.06.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,10,74,207 |
| വരവ് | 6,69,95,349 |
| ആകെ | 9,80,69,556 |
| ചെലവ് | 6,73,99,611 |
| നീക്കിയിരിപ്പ് | 3,06,69,945 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,14,03,947 | 1,14,03,947 | 1,00,28,348 | 13,75,599 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1,24,62,882 | 1,24,62,882 | 83,67,891 | 40,94,991 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,15,67,000 | 1,15,67,000 | 66,54,295 | 49,12,705 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 38,09,000 | 38,09,000 | 23,37,639 | 14,71,361 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 99,44,451 | 99,45,451 | 46,18,163 | 53,26,288 |
| ബി ഫണ്ട് | 0 | 1,42,65,540 | 1,42,65,540 | 1,42,65,540 | 0 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 259 | 98392917 | 155 | 54779055 | 0 | 104 | 59.84% |

### 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 99555 | 732335 | 831890 | 535235 | 296655 |
| ഗുണഭോക്താക്കൾ നേരിട്ട് | 0 | 14853239 | 14853239 | 14853239 | 0 |

| | | | | | |
|---|---|---|---|---|---|
| നൽകുന്നത് | | | | | |

## 1-7 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 413640 | 292 |
| കർഷകതൊഴിലാളി പെൻഷൻ | 1053000 | 303 |
| വിധവാപെൻഷൻ | 4705800 | 1323 |
| വാർദ്ധക്യകാലപെൻഷൻ | 5924100 | 1676 |
| വികലാംഗപെൻഷൻ | 1503000 | 419 |
| വിവാഹധനസഹായം | 300000 | 10 |
| 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 366000 | 103 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഫ്രണ്ട് ഓഫീസ് കളക്ഷൻ അതാത് ദിവസം(16.04.202) തന്നെ അടവാക്കുന്നതിനാൽ ബാലൻസ് ഇല്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി) പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4. ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി, കൃഷി ഓഫീസർ, പിഎച്ച്സി മെഡിക്കൽ ഓഫീസർ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഈ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17-02-2022 | 12/2021 | 17-02-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.07.2007 മുതൽ 06.08.2007 വരെ | 1997-98 മുതൽ 2006-07 വരെ | 06.09.2007 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

2019-20വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ ചട്ടം 62(2)4 പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപത്തിൽ രേഖപ്പെടുത്തണം.ആയത് പൂർണ്ണമായി പാലിക്കുന്നില്ല. ഉദാ. ഷെഡ്യൂൾB-1 ബാലൻസ്ഷീറ്റ്.

3)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ ചട്ടം 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ വാർഷികകണക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം .19/2019-20/23.04.22)

## 1-11-1 ഗ്രാന്റ് സ്റ്റേറ്റുമെൻ്റ് പരിശോധന

ഗ്രാന്റ് സ്റ്റേറ്റുമെൻ്റ് പരിശോധന നടത്തിയതിൽ വികസനഫണ്ട് ജനറൽ ഇനത്തിൽ എ സി ആർ പ്രകാരം 1,00,28,348 രൂപയും , ഗ്രാന്റ് സ്റ്റേറ്റുമെൻ്റ് പ്രാകാരം 1,09,10,701 രൂപയും മാണ് ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം തുക ലൈഫ് ലോൺ ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്തിട്ടുള്ള തുകയാണെന്നത് ബോധ്യപ്പെട്ടു.

## 1-12 വസ്തു നികുതി-സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തില്ല.

24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്, (1) സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, (2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടേക്കിംഗ്) അടിസ്ഥാനത്തിലും വസ്തു നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നികുതി നിരക്കുകൾ ഗ്രാമപഞ്ചായത്തിൽ പരിഷ്കരിച്ചിട്ടില്ല. പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങൾ, MSME വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ, റസിഡൻഷ്യൽ ഹോം സ്റ്റേ എന്നിവയുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ മേൽ തരം കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു.
ഗ്രാമപഞ്ചായത്ത് പരിധിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള തരം കെട്ടിടങ്ങളുണ്ടെങ്കിൽ ആയതിന്റെ വിവരവും അവയുടെ നികുതി വിവരങ്ങളും സർക്കാർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും പരിശോധിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 15/19-20/23.04.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 രശീതികളുടെ ഉപയോഗം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഇഷ്യു ചെയ്ത 50683, 5106, 5107എന്നീ നമ്പർ രശീതി പുസ്തകങ്ങളിലെ രശീതികളുടെ ഉപയോഗത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1). താഴെപ്പറയുന്ന രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

| ക്രമ നം. | രശീതി നം. | തുക | അപാകത | റിമാർക്സ് |
|---|---|---|---|---|
| 1 | 5106/40 തി. 14.10.2020 | 565/- | Canelled എന്ന് എഴുതുകയും വരക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് കാർബണിൽ പതിഞ്ഞിട്ടില്ല. കൂടാതെ ഡ്യൂപ്ലിക്കേറ്റ് ഒറിജിനലിനോടൊപ്പം ഇല്ല. തുക അടവാക്കിയിട്ടില്ല. | രശീതി കക്ഷിക്ക് നൽകിയതിനുശേഷമാണ് രശീതി ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയതെന്ന് വ്യക്തമാണ്. |
| 2 | 5106/43 തി. 14.10.2020 | 1130/- (1000+130) | തുക 565 (500+65) എന്നാക്കി തിരുത്തിയിട്ടുണ്ടെങ്കിലും തിരുത്തൽ കാർബണിൽ പതിഞ്ഞിട്ടില്ല. | രശീതി കക്ഷിക്ക് നൽകിയതിനുശേഷമാണ് രശീതിയിലെ തുകയിൽ മാറ്റം വരുത്തിയതെന്ന് വ്യക്തമാണ്. |
| 3 | 50683/26 തി.07.02.2020 | 1068/- | Canelled എന്ന് എഴുതുകയും വരക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ആയത് കാർബണിൽ പതിഞ്ഞിട്ടില്ല. കൂടാതെ ഡ്യൂപ്ലിക്കേറ്റ് ഒറിജിനലിലോടൊപ്പം | രശീതി കക്ഷിക്ക് നൽകിയതിനുശേഷമാണ് രശീതി ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയതെന്ന് വ്യക്തമാണ്. |

| | | | | |
|---|---|---|---|---|
| | | | ഇല്ല. തുക അടവാക്കിയിട്ടില്ല. | |
| 4 | 5107/53 തി.25.02.2022 | 1690/- | തുക 1680 എന്നാക്കി തിരുത്തിയിട്ടുണ്ട്. ആയത് കാർബണിൽ പതിഞ്ഞിട്ടില്ല. | രശീതി കക്ഷിക്ക് നൽകിയതിനുശേഷമാണ് രശീതിയിലെ തുകയിൽ മാറ്റം വരുത്തിയതെന്ന് വ്യക്തമാണ്. |

2). 5106 നമ്പർ രശീതി പുസ്തകത്തിലെ 44 മുതൽ 64വരെയുള്ള രശീതികളിലും 5107 നമ്പർ രശീതി പുസ്തകത്തിലെ 1 മുതൽ 17വരെയുള്ള രശീതികളിലും 5107/53 , 5106/45, 50683/7 എന്നീ രശീതികളിലും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

5106/45 തി. 10.02.2021 രശീതിയിൽ തുക 1695/- എന്നത് 1130 ആയും 50683/7 തി. 13.01.2020 രശീതിയിൽ തുക 1779/- എന്നത് 1186 ആയും തിരുത്തിയിട്ടുണ്ട്. ഈ രശീതികളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ ഈടാക്കിയ യഥാർത്ഥ തുകയിൽ വ്യക്തതയില്ല.

3). 5106/16 രശീതിയിലെ ( തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) തുകകൾ കൂട്ടിയാൽ ആകെ ഈടാക്കേണ്ടത് 4665.65 രൂപയാണ്. എന്നാൽ 4529.65 രൂപയാണ് ശ്രീ. കുഞ്ഞിമുഹമ്മദ് എന്നവരിൽനിന്ന് മേൽ രശീതി പ്രകാരം ഈടാക്കിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ - 16/19-20/23-04-2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. രശീതികൾ നിരുത്തരവാദപരമായി ഉപയോഗിച്ചത് ഗുരുതര കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ക്രമ നം.1 ൽ പരാമർശിച്ച തുക (2208 രൂപ) അടവാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ - കമ്പ്യൂട്ടറും പ്രിന്ററും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 159/20 |
| അടങ്കൽ തുക | 80,000/- രൂപ (വികസന ഫണ്ട് - നോൺ റോഡ്) |
| വിനിയോഗിച്ച തുക | 75,617/- രൂപ. |
| ബിൽ നമ്പർ / തിയ്യതി | 19151452023701629507 തിയ്യതി. 28.03.2020 - 45,637/- രൂപ. |
| | 19151452023700766471 തിയ്യതി. 01.11.2019 - 29,980/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസിലേക്ക് ഇൻവെർട്ടർ, കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി താഴെ പറയുന്ന പ്രകാരം കേരള സ്റ്റേറ്റ് ഐ.ടി മിഷന് 45,637/- രൂപ മുൻകൂർ നൽകിയിട്ടുണ്ട് .

| Sl.No. | Proforma Invoice No./Date | Item | Amount Paid |
|---|---|---|---|
| 1 | TVM/ITBG/PI/RC/15735/19-20 Dt: 17.02.2020 | Desktop-Intel Processor | Rs.30,786/- |
| 2 | | A4 Multifunction Printer. | Rs.14,851/- |

എന്നാൽ ഓഡിറ്റ് തിയ്യതി വരെ കമ്പ്യൂട്ടറും പ്രിന്ററും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാവുന്നത് വരെ ചെലവ് തുകയായ 45,637/- രൂപ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ : 18(2019-20)/23.04.2022 - മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 15/*20 - ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.* |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ തുക | 9,00,000/- രൂപ |

| | |
|---|---|
| ചെലവഴിച്ച തുക | 6,00,000/- രൂപ (വികസന ഫണ്ട് - ജനറൽ) |
| ബിൽ നമ്പർ / തീയതി | 19151452024501016402 തീ.31.12.2019 – 3,00,000/- രൂപ |
| | 19151452024501016399 തീ.31.12.2019 – 3,00,000/- രൂപ |

2019-20 സാമ്പത്തിക വർഷത്തിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി പ്രകാരം 6,00,000/- രൂപ ഗ്രാമപഞ്ചായത്തിലെ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പാലളന്ന ക്ഷീരകർഷകർക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14-2-2018 സബ്സിഡി മാർഗരേഖ പ്രകാരം, ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) കണക്കാക്കി കർഷകന് സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 2019 ജൂലൈ മുതൽ സെപ്റ്റംബർ വരെ ലിറ്ററിന് 4/- രൂപ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. (ബിൽ നമ്പർ. 19151452024501016402 തീ.31.12.2019 - 3,00,000/- രൂപ). ഈ കാലയളവിൽ ക്ഷീരവികസന വകുപ്പിൽ നിന്നും സബ്സിഡി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാർഗ്ഗരേഖയിൽ അധികരിച്ച് അധികം തുക ചെലവഴിച്ചതിന് അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 21/23.04.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-16 എയ്ഡഡ് സ്കൂളുകളിൽ ആസ്തി വികസനപ്രവൃത്തി നടത്തിയത്; അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2019-20ൽ എയ്ഡഡ് സ്കൂളിൽ ആസ്തിവികസന പ്രവൃത്തി നടത്തിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1)പ്രവൃത്തി: സ്കൂളുകളിൽ ടോയ്ലറ്റ് നിർമാണം 246/20 (KMMAUP സ്കൂൾ ചെറുകോട്, UMALP സ്കൂൾ മുതീരി എന്നിവടങ്ങളിൽ ടോയ്ലറ്റ് നിർമാണം)

അടങ്കൽ: 520000 രൂപ( കേന്ദ്ര ഫണ്ട്)

കരാറുകാരൻ: കുഞ്ഞിമുഹമ്മത്

കരാർ: 1/19-20/2-7-19

അളവ് പുസ്തകം: 55/19-20

ചെലവ്: 502016 രൂപ ( ചെക്ക് നമ്പർ 014095/9-1-20)

2)പ്രവൃത്തി: AMLPS അയനിക്കോട് ടോയ്ലറ്റ് നിർമാണം 224/20

അടങ്കൽ: 100000 രൂപ(നിർമൽ പുരസ്കാര വിഹിതം)

കരാറുകാരൻ: അബ്ദുള്ള പി

കരാർ: 24/18-19/15-10-18

അളവ് പുസ്തകം: 24/18-19

ചെലവ്: 90429 രൂപ ( ചെക്ക് നമ്പർ 519477/11-1-20)

മൂന്ന് എയ്ഡഡ് സ്കൂളുകളിൽ ടോയ്ലറ്റ് നിർമ്മിക്കുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്കൂളിലാണ് മേൽ പ്രകാരമുള്ള ആസ്തിവികസന പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ്(കൈ) നംപർ.11/2018/തസ്വഭവ/തീയതി 29-1-2018 പ്രകാരമുള്ള 13-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്ലറ്റും വാഷ്ബെയ്സിനും അവയിൽ ജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഏർപ്പെടുത്തിയതിന് ശേഷം മാത്രം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് വ്യവസ്ഥയുള്ളത്. ആയതിനാൽ എല്ലാ സർക്കാർ സ്കൂളുകളിലും മേൽ സൗകര്യം ഉണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 4/22-4-22) മേൽ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 592445 രൂപ (502016+90429) തടസ്സം ചെയ്യുന്നു.

## 1-17 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമാക്കേണ്ടതാണ്.

നി.ഉദ്യോഗസ്ഥൻ . അസി.എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം ത സ്വ ഭ വ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ Online Transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി Zero Balance Account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , പോരൂർ ഗ്രാമപഞ്ചായത്ത് 2019-20 ൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എത്ര രൂപയാണെന്നും ആയതിൽ എത്ര രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമായിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും ജി ഒ (എം എസ്) 3186/2017 /LSGD/2-10-17 നമ്പർ ഉത്തരവ് പ്രകാരംസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ട് തുടങ്ങിയതിന്റേയും ആയതിൽ തുക ക്രഡിറ്റ് ചെയ്തതിന്റേയും വിശദാംശവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 5/22-4-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ആകെ ലഭിക്കേണ്ട 124890 രൂപയിൽ 107440 രൂപ ലഭിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ രേഖ പ്രകാരമുള്ള 124890 രൂപ, 2018-19 ലെ E-Tender ഫോറം വില മാത്രമാണ്. ആയതിനാൽ 2018-19 വർഷത്തിന് മുമ്പും ശേഷവുമുള്ള E-Tender ഫോറം വില എത്ര രൂപയാണെന്ന് കണക്കാക്കി ആയതും 2018-19 വർഷത്തിലെ അവശേഷിക്കുന്ന തുകയും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ലഭ്യമാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 1-18 കിണറുകൾക്ക് ഗ്രിൽ - അപാകത -കരാറുകാരന് അധികം നൽകിയ 4710 രൂപ തിരിച്ചടച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തിയിൽ ഗ്രാമ പഞ്ചായത്തിലെ കാരക്കോട് കോളനി കുടിവെള്ള പദ്ധതിയുടെ കിണറിന് മുകളിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR Code 9.48.1 പ്രകാരമുള്ള നിരക്ക് അനുവദിച്ച് താഴെ പറയും പ്രകാരം തുക കരാറുകാരന് നൽകിയിട്ടുണ്ട്. (@ 146.72/Kg, Cost Index ; 40.2%)

എന്നാൽ ബിൽഡിംഗുമായി ബന്ധപ്പെട്ട വിൻഡോ പ്രവർത്തികൾക്കും മറ്റുമാണ് DSR Code 9.48.1 ഇനം പ്രകാരമുള്ള തുക അനുവദിക്കാവുന്നത്. ഈ പ്രവൃത്തികളിൽ ഓപ്പണായ കിണറുകൾക്ക് മുകളിൽ ഗ്രിൽ സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് അനുവദിക്കാവുന്നത് DSR Code 10.25.2 പ്രകാരമുള്ള നിരക്കാണ് (120.50/Kg) . ഈയിനത്തിൽ അധികം നൽകിയ4710 രൂപ (179.632 Kg X 146.72=26355.61 രൂപ)-(179.632 Kg X 120.50 = 21645.65 രൂപ) ഓഡിറ്റ് നിർദേശത്തെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 6/22-4-22) 1220100074/23-4-22 രശീതി പ്രകാരം തിരിച്ചടവാക്കി .

ഭാവിയിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കേണ്ടതാണ് .

## 1-19 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ . അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | പദ്ധതി ചെലവ് |
|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് ഓഫീസ് നവീകരണം 203/20<br>കരാറുകാരൻ: ശ്രീ ടി പി അബ്ദുൽ നാസർ<br>അടങ്കൽ. 280300 രൂപ.<br>(വികസന ഫണ്ട്-ജനറൽ)<br>അളവ് പുസ്തക 78/17-18 | 1<br>2 | റോളിംഗ് ഷട്ടർ 18 M2<br>വാതിൽ 3 എണ്ണം<br>ജനൽ 1 എണ്ണം<br>Grill Door 1 എണ്ണം | 273765 രൂപ<br>ബിൽ നമ്പർ: 11/19-20/18-5-19 |
| 2 | PHC കെട്ടിടം പുനരുദ്ധാരണം 248/20<br>കരാറുകാരൻ: ശ്രീ കുഞ്ഞിമുഹമ്മത്<br>അടങ്കൽ. 235733 രൂപ.<br>(വികസന ഫണ്ട്-ജനറൽ)<br>അളവ് പുസ്തക 99/18-19 | 1 | 129.25 M2 വിസ്തീർണ്ണത്തിലുള്ള മേൽക്കൂരയിലെ മരം. | 235150രൂപ<br>ബിൽ നമ്പർ: 26/19-20 /28-10-19 |

മേൽ ഇനങ്ങളുടെ വിനിയോഗ/ലേല വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 8/22-4-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഇനങ്ങളുടെ വിനിയോഗ/ലേല വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.സി കോളനി ഭവനസുരക്ഷ പ്രവൃത്തി- പ്രൊജക്ട് മാർഗ്ഗരേഖക്ക് വിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2019-20 വർഷത്തിൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പേരിൽ പഞ്ചായത്തിൽ 02 പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ആകെ 292530 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യ ഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുകയാണ് പ്രൊജക്ടുകൾ പ്രകാരം ചെയ്തിട്ടുള്ളത്. പൊതു ആസ്തികളുടെ സംരക്ഷണത്തിനല്ലാതെ സ്വകാര്യവ്യക്തികളുടെ ആസ്തി സംരക്ഷണമാണ് ഈ പ്രൊജക്ടുകളിലൂടെ നിർവഹിച്ചിട്ടുള്ളത്. പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രം. ന | പ്രൊജക്ട് | ചെലവ് |
|---|---|---|
| 1 | തോട്ടപ്പുറം എസ് സി കോളനി ഭവനസുരക്ഷ പദ്ധതി 191/20 | 196344<br>ബിൽ നമ്പർ: 5/19-20 /18-5-19 |
| 2 | തോട്ടപ്പുറം എസ് സി കോളനി ഭവനസുരക്ഷ പദ്ധതി 255/20 | 96186<br>ബിൽ നമ്പർ: 58/19-20 /22-1-20 |
| | ആകെ | 292530 രൂപ |

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ (GO(MS) 11/2018/ LSGD Dt 29.01.2018) പ്രകാരം, പട്ടികജാതി ഉപപദ്ധതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകളും പട്ടികജാതിക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്ടുകളും ഏറ്റെടുക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളും , നൽകാവുന്ന പരമാവധി തുകയും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.( GO(MS) 22/2018/ LSGD Dt 14.02.2018 )

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കപ്പെട്ട ഇനങ്ങൾക്ക് അനുവദിക്കപ്പെട്ട നിരക്കിന് വിധേയമായി മാത്രമെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവൂ എന്നത് സർക്കാർ വ്യക്തമാക്കിയതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകണമെങ്കിൽ സർക്കാറിന്റെ പ്രത്യേക അനുമതി നേടേണ്ടതാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളിലോ സർക്കാർ അനുമതി നൽകിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 9/22-4-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-21 വെറ്റിനറി ഡിസ്പെൻസറി കെട്ടിടം അറ്റകുറ്റപ്പണി എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രവൃത്തി: വെറ്ററിനറി ഡിസ്പെൻസറി കെട്ടിടം അറ്റകുറ്റപ്പണി - 182/20

അടങ്കൽ : 150000 രൂപ (MG NR)

കരാറുകാരൻ : ശ്രീ കുഞ്ഞിമുഹമ്മത്

കരാർ: 89/18-19/2-2-19

ചെലവ്: 136340രൂപ

ബിൽ നമ്പർ: 4/19-20/18-5-19

അളവ് പുസ്തകം: 81/18-19

നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് നടത്തി ഷീറ്റ് മേയുന്നതിനുള്ളതാണ് മേൽ പ്രവൃത്തി. മേൽ പ്രവൃത്തി സ്ഥലം 23-4-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) മുഴുവൻ ഏരിയയിലും റൂഫിംഗ് നടത്തിയില്ല.

വിശദാംശം.

| എസ്റ്റിമേറ്റ് ഇനം | റൂഫിംഗ് ഏരിയ |
|---|---|
| ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം | 117.152 M2 |
| റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം | 156.480 M2 |
| അളവ് പുസ്തക പ്രകാരം ചെയ്തത് | 158.4 M2 |

മേൽപ്രകാരം ചെയ്തിട്ടും കെട്ടിടത്തിന്റെ ഒരു ഭാഗം ഷീറ്റ് മേയലിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽതന്നെ മഴവെള്ളം ടെറസിലേക്ക് തന്നെയാണ് വീഴുന്നത്.

2) Rain Water Gutter Semicircular Section 83 മീറ്റർ സ്ഥാപിക്കാൻ എസ്റ്റിമേറ്റ് പ്രൊവിഷൻ ഉണ്ടായിരുന്നുവെങ്കിലും 16 മീറ്റർ മാത്രമാണ് സ്ഥാപിച്ചത്. ആയത് തന്നെ ഇനിയും മേയാൻ ബാക്കിയുള്ള മുൻഭാഗത്ത് സ്ഥാപിക്കാതെ പിൻ വശത്താണ് സ്ഥാപിച്ചത്.

3) മുകളിലേക്ക് കയറുന്നതിനായി കോണി സ്ഥാപിച്ചിട്ടില്ല.

മേൽ അപാകത കാരണം ഈ പദ്ധതി ലക്ഷ്യം കൈവരിച്ചില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 27/25-4-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-22 നിർമ്മാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2019-20 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച എല്ലാ മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും KCWWF വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്തിട്ടില്ല. ആയതിനാർ ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാകുമായിരുന്ന വരുമാനം നഷ്ടമായിട്ടുണ്ട്. 1% നിരക്കിൽ കളക്ഷൻ ചാർജ് കുറവ് ചെയ്യാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 7/22-4-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-23 വിദ്യാദീപ്തി സമഗ്ര വിദ്യാഭ്യാസ പരിപാടി - സർക്കാർ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റ് നം.194/20

വിദ്യാദീപ്തി സമഗ്ര വിദ്യാഭ്യാസ പരിപാടി (സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 86,143 രൂപ( പ്ലാൻ ഫണ്ട് -ജനറൽ )

2)പ്രോജക്റ്റ് നം.47/20

വിദ്യാദീപ്തി സമഗ്ര വിദ്യാഭ്യാസ പരിപാടി

വിനിയോഗിച്ച തുക – 27,000 രൂപ( പ്ലാൻ ഫണ്ട് -ജനറൽ )

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ് പട്ടണംകുണ്ട്

മേൽ പദ്ധതി (1) ൽ ഉൾപ്പെടുത്തി ബിൽ നം. 4/19-20/23.05.19 പ്രകാരം 22,600 രൂപ പോരൂർ ഗവ. ജി എൽ പി എസിൽവെച്ച് 04.02.2019 ന് 2018-19 വർഷത്തെ പഞ്ചായത്തുതല പ്രീപ്രൈമറി കലോൽസവം നടത്തുന്നതിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

മേൽ പദ്ധതി (2) പ്രകാരം 27,000 രൂപ ബിൽ നം. 8/19-20/22.02.2020പ്രകാരം അയനിക്കോട് എ എൽ പി എസിൽവെച്ച് 28.01.202020 ന് 2019-20 വർഷത്തെ പഞ്ചായത്തുതല പ്രീപ്രൈമറി കലോൽസവം നടത്തുന്നതിന് വേണ്ടി വിനിയോഗിച്ചിട്ടുണ്ട്. പ്രീപ്രൈമറി കലോൽസവം നടത്തുന്നതിന് വേണ്ടി പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതിപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 2/2019-20/22.04.2022 )ബാലസഭാ പ്രവർത്തനം എന്ന നിലയിലാണ് പദ്ധതി നടപ്പിലാക്കിയത് എന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പ്രീപ്രൈമറി കലോൽസവം നടത്തിപ്പാണെന്നതിനാൽ സ്വീകാര്യമല്ല.

പ്രീപ്രൈമറി കലോൽസവം നടത്തുന്നതിന് വേണ്ടി പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് ആധാരമാക്കിയ സർക്കാർ അനുമതിപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-24 ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്ത വായനശാലകൾക്ക് ഫർണ്ണീച്ചർ - കൈപ്പറ്റ് വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 123/20

ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്ത വായനശാലകൾക്ക് ഫർണ്ണീച്ചർ

വിനിയോഗിച്ച തുക – 84,420 രൂപ (തനത്ഫണ്ട്)

വൗച്ചർ നം. 21900981/17.03.2020 – 84,420 രൂപ
നിർവ്വഹണം : ഹെഡ് മാസ്റ്റർ, GLPS, പട്ടണംകുണ്ട്

ക്വട്ടേഷൻ മുഖേന ഫിഡ്കോ എൻറർ പ്രൈസസ് ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും പത്ത് സ്റ്റീൽ അലമാര (18 ഗേജ് ) വാങ്ങി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്ത താഴെ പറയുന്ന വായനശാലകൾക്ക് നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

1) ജനകീയ വായനശാല ,പോരൂർ

2)ജ്ഞാനോദയം വായനശാല ,അയനിക്കോട്

3)യുവധാര ലൈബ്രറി ആർട്സ് ആന്റ് സ്പോർട് ക്ലബ് ,ചാത്തങ്ങോട്ടുപുറം

4) യുവധാര വായനശാല,രവിമംഗലം

5)ഹരിശ്രീ വായനശാല ,പൂത്രക്കോവ്

അലമാര സ്റ്റോക്കിലെടുത്ത് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം . 29/2019-20/25.04.22 )

## 1-25 സാക്ഷരത തുല്യത പരീക്ഷ ഫീസ് അടവാക്കൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.48/20

സാക്ഷരത പ്രവർത്തനങ്ങൾ

വിനിയോഗിച്ച തുക – 92,500 രൂപ (തനത്ഫണ്ട് )

വൗച്ചർ നം. 21900981/10.02.20 - 92,500

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പട്ടണം കുണ്ട്

പദ്ധതി പ്രകാരം പത്താംതരം സാക്ഷരത തുല്യത ഫീസ് അടവാക്കൽ എന്ന പദ്ധതിക്കായി സംസ്ഥാന സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്.പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരം,തുക അടവാക്കിയതിന്റെ വിവരം, ഗുണഭോക്താക്കൾ പരീക്ഷയെഴുതിയതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 28/2019-20/25.04.22)

## 1-26 പട്ടികജാതി വനിതകൾക്ക് വാട്ടർടാങ്ക് വിതരണം പദ്ധതി – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം . 251/20

വിനിയോഗിച്ച തുക – 99,750

88,875 രൂപ (എസ് സി പി )

10,875 രൂപ (ഗ . വി . സ്ഥാപനത്തിൽ അടയ്ക്കുന്നത് )

ആകെ - 99,750 രൂപ

ബിൽ നം. 2/19-20/29.06.19 – 88,875 രൂപ
നിർവ്വഹണം – അസിസ്റ്റൻറ് സെക്രട്ടറി

വിക്ടോറിയ പോളിഫോം തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന 79 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

I)60 ടാങ്കുകൾ കൈപ്പറ്റിയതിന്റെ വിവരമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. അവശേഷിച്ചവ വിതരണം നടത്തിയതിന്റെ വിവരം.

Ii)പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതിന്റെ വിവരം.

Iii) പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും(നം. 1/2019-20/22.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല.രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-27 ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) ഷെഡ്യൂൾ 2 (ചട്ടം31 (1),(2)&(3)) പ്രകാരം 1 ആർ വിസ്തൃതി ഭൂ വികസനത്തിന് 750/ആർ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഡവലപ്മെന്റ് പെർമിറ്റിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഭൂ വികസനം ആവശ്യമായ വിസ്തൃതി | ഈടാക്കിയ ഫീസ് | പെർമിറ്റ് നം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| ശ്രീ.മുഹമ്മദ് ഇർഫാൻ & മുതൽപേർ<br>A3-5360/24.12.2019 | 0.0438 ഹെക്ടർ<br>4.38 ആർ (സ.നം 141/210/3) | 750/-<br>(119060103452/21.01.2020) | A3-5360/2019-20-22.01.2020 | 4.38 X 750 = 3285 | 2535 |
| ശ്രീ. സി.അബ്ദുറഹിമാൻ, ചേലമഠത്തിൽ ഹൗസ്<br>A3-5443/31.12.2019 | 0.04478ഹെക്ടർ<br>4.47 ആർ (സ.നം 141/166/4-6) | 750/-<br>(119060104247/10.02.2020) | A3-5443/2019-20-11.02.2020 | 4.47 X 750 = 3353 | 2603 |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 17/19-20/23.04.2022ന് മറുപടി ലഭ്യമാക്കിയില്ല.)

## 1-28 പെർമിറ്റ് ഫീസ് ഈടാക്കിയതിലെ അപാകത

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) പ്രകാരം വാസഗൃഹങ്ങളുടെ ( Group A1) നിർമ്മാണത്തിന് ച.മീറ്ററിന് 7 രൂപ ,Group A1 ഒഴികെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ച.മീറ്ററിന് 10 രൂപ എന്നീ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. 150 ച.മീറ്റർ വരെ Built Up Area ഉള്ള വാസഗൃഹങ്ങളുടെ നിർമ്മാണത്തിന് മുകളിൽ പരാമർശിച്ച പെർമിറ്റ് ഫീസിന്റെ 50% ഈടാക്കിയാൽ മതി. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ ചട്ട പ്രകാരമുള്ള നിരക്കിലല്ല പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | പ്ലാൻ പ്രകാരം തറവിസ്തീർണ്ണം, ഉപയോഗം | പെർമിറ്റ് നം | ചട്ട പ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കിയ വിവരം |
|---|---|---|---|---|
| ശ്രീ.മുഹമ്മദുണ്ണി<br>A3-56/06.01.2020 | GF- 147.41ച.മീ<br>FF- 48.48 ച.മീ<br>Total- 195.89ച.മീ<br>ഗാർഹികം | A3-56/2019-20-30.01.2020 | 195.89X 7 = 1372/- | 141.04X 6 = 847/-<br>119060103813/29.01.2020<br>(Existing GF- 111.25ച.മീ<br>FF- 29.79 ച.മീ<br>Total- 141.04ച.മീ<br>നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനാണ് ഫീസ് കണക്കാക്കി പെർമിറ്റ് നൽകിയിട്ടുള്ളത് |

| | | | | |
|---|---|---|---|---|
| ശ്രീ. സി.അബ്ദുറഹിമാൻ, ചേലമഠത്തിൽ ഹൗസ് A3-5443/31.12.2019 | GF- 205.68 ച.മീ (വാണിജ്യം) FF-250.50 ച.മീ (ഗാർഹികം) Total- 456.18ച.മീ | A3-5443/2019-20- 11.02.2020 | 205.68 X 10 =2057/- 250.50 X 7= 1754/- ആകെ- 3811 | 205.68 X 10 =2057 + 250.50 X 6= 1503 ആകെ - 3560/- 119060104247/10.02.2020 |
| ശ്രീ. മുഹമ്മദ് ബാബു A3-886/18.02.2020 | GF-116.02ച.മീ FF-156.65 ച.മീ TF-16.8ച.മീ Total- 289.47ച.മീ വാണിജ്യം | A3-886/2019-20- 23.03.2020 | 289.47 X 10 = 2895 | 2027/- 119060105643/17.03.2020 (Existing GF-150.66 ച.മീ FF-115.85 ച.മീ Total-265.51ച.മീ വാണിജ്യം നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിനാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. ഫീസ് കണക്കാക്കിയതിൽ വ്യക്തതയില്ല. |
| ശ്രീ. റഫീഖലി A3-346/2020 /20.01.2020 | GF- 140.81ച.മീ FF- 18.01 ച.മീ Total- 158.82ച.മീ ഗാർഹികം | A3-346/2019-20 /07.02.2020 | 158.82 X7= 1112 | 158.82 X 6 = 952 119060104120/07.02.2020 |
| ശ്രീ.അഫ്സൽ ഉൽപ്പില A3- 176/2020 /25.01.2020 | GF- 142.06ച.മീ FF- 90.03ച.മീ Total- 232.09ച.മീ ഗാർഹികം | A3- 176/2019-20 /27.01.2020 | 232.09x7= 1625 | 232.09x6= 1393 119060103592/24.01.2020- 1394/-s |

150 ച.മീറ്റർ വരെ Built Up Area ഉള്ള വാസഗൃഹങ്ങളുടെ നിർമ്മാണത്തിന് മുകളിൽ പരാമർശിച്ച പെർമിറ്റ് ഫീസിന്റെ 50% ഈടാക്കിയാൽ മതി. എന്നാൽ താഴെപ്പറയുന്ന അപേക്ഷകളിൽ ചട്ട പ്രകാരമുള്ള ഫീസ് ഇളവ് നൽകിയിട്ടില്ല.

| അപേക്ഷകൻ | വിസ്തൃതി/ഉപയോഗം | ഈടാക്കിയ വിവരം |
|---|---|---|
| ശ്രീ.അഷ്റഫ് A3- 146/13.01.2020 | GF- 121.80ച.മീ FF- 11.75ച.മീ Total- 133.55ച.മീ ഗാർഹികം | 802/- 119060103812/29.01.2020 6രൂപ നിരക്കിൽ |
| ശ്രീ.റഷീദ് A3- 229/17.01.2020 | GF- 105.61ച.മീ FF- 9.17ച.മീ Total- 114.78ച.മീ ഗാർഹികം A3- 229/2019-20 /30.01.2020 | 689/- 119060103837/30.01.2020 6രൂപ നിരക്കിൽ |
| ശ്രീ.സൽമാനൽ ഫാരിസ് | GF- 95.22ച.മീ | 767/- |

| | | |
|---|---|---|
| A3- 437/27.01.2020 | FF- 14.31ച.മീ<br>Total- 109.53ച.മീ<br>ഗാർഹികം<br>A3- 437/2019-20 /10.03.2020 | 119060105416/09.03.2020<br>7 രൂപ നിരക്കിൽ |
| ശ്രീ.മുഹമ്മദ് ബഷീർ<br>A3- 645/04.02.2020 | GF- 113.32ച.മീ<br>FF- 10.90ച.മീ<br>SF- 7.65 ച.മീ<br>Total- 131.87ച.മീ<br>ഗാർഹികം<br>A3- 645/2019-20 /15.02.2020 | 792/-<br>119060104417/15.02.2020<br>6രൂപ നിരക്കിൽ |
| ശ്രീമതി. ശാന്ത വട്ടപ്പറമ്പൻ<br>A3- 521/30.01.2020 | GF- 95.32ച.മീ<br>FF- 9.16ച.മീ<br>Total- 104.48ച.മീ<br>ഗാർഹികം<br>A3- 521/2019-20 /24.02.2020 | 627/-<br>119060104761/24.02.2020<br>6രൂപ നിരക്കിൽ |

ചട്ട പ്രകാരമുള്ള നിരക്കിൽ ഫീസ് ഈടാക്കാത്തതിന് /ഫീസ് ഇളവ് നൽകാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/19-20/23.04.2022 മറുപടി ലഭിച്ചില്ല.)

## 1-29 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിലെ അപാകതകൾ

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) പ്രകാരം വാസഗൃഹങ്ങളുടെ ( Group A1) നിർമ്മാണത്തിന് ച.മീറ്ററിന് 7 രൂപ ,Group A1 ഒഴികെയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ച.മീറ്ററിന് 10 രൂപ എന്നീ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. പെർമിറ്റ് നേടാതെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം (കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നവ) രാജിയാക്കൽ ഫീസ് ഈടാക്കി സെക്രട്ടറിക്ക് നിർമ്മാണം ക്രമവൽക്കരിച്ചു നൽകാവുന്നതാണ്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് രാജിയാക്കൽ ഫീസ്. എന്നാൽ അപേക്ഷകളിൽ ചട്ട പ്രകാരമുള്ള നിരക്കിലല്ല റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ | കെട്ടിടത്തിന്റെ വിസ്തീർണ്ണം/ ഉപയോഗം | ഈടാക്കിയ വിവരം |
|---|---|---|
| ശ്രീ.മുനീർ,<br>A3-581/20-01.02.2020 | 197 ച.മീ<br>വാസഗൃഹം | 197x12 = 2364 എന്ന് നോട്ട് എഴുതിയിട്ടുണ്ടെങ്കിലും<br>1364/- രൂപയാണ്<br>119060104482/17.02.2020 രശീതി പ്രകാരം ഈടാക്കിയത്. |
| ശ്രീമതി.ഫസീല കോർമ്പത്ത്<br>A3-163/2020/ 14.01.2020 | 127.50 ച.മീ<br>വാസഗൃഹം | 127.50 X 12<br>എന്ന് നോട്ട് എഴുതിയിട്ടുണ്ടെങ്കിലും<br>1350/- രൂപയാണ്<br>119060104458/17.02.2020 രശീതി പ്രകാരം ഈടാക്കിയത്. |
| ശ്രീ.അബ്ദുൽ ആസാദ്, | 183.1 ച.മീ<br>വാസഗൃഹം | 183.1 X 12= 2198<br>119060105324/06.03.20 |

| | | |
|---|---|---|
| A3-887/20-18.02.2020 | | |
| ശ്രീ.അബ്ദു സലാം, A3- 996/20-26.02.2020 | 198.19 ച.മീ വാസഗൃഹം | 198.19 X 12= 2379 119060105337/06.03.20 |
| ശ്രീ മൻസൂർ അലി, A3- 297/20-21.01.2020 | 187.2 ച.മീ വാസഗൃഹം | 187.2 X 12= 2237 |
| ശ്രീ . അബ്ദു സലാം, A3- 297/20-21.01.2020 | 183.34 ച.മീ വാസഗൃഹം | 183.34 X 18= 3301 119060104075/05.02.2020 |
| ശ്രീ . അബ്ദു നാസർ A3- 246/20-18.01.2020 | 197.12 ച.മീ വാസഗൃഹം | 2365/- 119060105555/13.03.2020 |
| ശ്രീ . അബ്ദുൽ ലത്തീഫ് A3- 393/20-24.01.2020 | 106.6 ച.മീ വാസഗൃഹം | 106.6x 12=1280 119060104504/18.02.20 |

ചട്ട പ്രകാരമുള്ള നിരക്കിലല്ലാതെ റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഫയലുകൾ പരിശോധിച്ച് ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് കണക്കാക്കി ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ചട്ട പ്രകാരം നിർദ്ദേശിക്കാത്ത നിരക്കിൽ ഫീസ് ഈടാക്കിയത് ചട്ട ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 23/19-20/23.04.2022 മറുപടി ലഭിച്ചില്ല.)

## 1-30 തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6-5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും പോരൂർ മാവേലി സ്റ്റോറിലെ ജൂനിയർ അസിസ്റ്റന്റ് മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. 27.09.2012 ലെ A6- 5330/2011 2019-20 ലെ നമ്പർ സർക്കുലർ അടിസ്ഥാനമാക്കി മേൽ സ്ഥാപനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാർ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 26/19-20/25.04.2022 മറുപടി ലഭിച്ചില്ല.)

## 1-31 പട്ടികജാതി കുടുംബങ്ങളുടെ വീട് വയറിംഗ് – പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 6/20

പട്ടികജാതി കുടുംബങ്ങളുടെ വീട് വയറിംഗ്

വിനിയോഗിച്ച തുക – 75,000 രൂപ (എസ് സി പി )

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് വയറിംഗ് പൂർത്തികരിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

I)കുട്ടൻ വിളക്കാടൻ,മാഞ്ചേരിതൊടിക, വീതനശ്ശേരി ,ചാത്തങ്ങോട്ടുപുറം പി ഒ (കൈപ്പറ്റിയ തുക – 5000 രൂപ (ബിൽ നം. 19/19-20/16.12.2019)

Ii)വൽസല തുപ്പനച്ചി ,കാഞ്ഞിരകുന്ന് (കൈപ്പറ്റിയ തുക – 5000 രൂപ (ബിൽ നം. 27/19-20/25.03.20)

Iii)ചെള്ളി വിളക്കാടൻ ,അയനിക്കോട്, പോരൂർ പി ഒ (കൈപ്പറ്റിയ തുക – 5000 രൂപ (ബിൽ നം. 27/19-20/25.03.20)

(ഓഡിറ്റ് എൻക്വയറി നം. 1/2019-20/22.04.22)

## 1-32 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - ചെലവ് തുക തിരികെ ലഭിച്ചില്ല.

കില ഡയറക്ടറുടെ 25.1.2020 ലെ കില/2020/101/500/HQ കത്ത് പ്രകാരം ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിനുള്ള നാലാംഘട്ട പരിശീലനത്തിന് വേണ്ടിവരുന്ന ചെലവ് ഒരു ആൾക്ക് 120 രൂപ നിരക്കിലും ( ഒരു വാർഡിൽ പരമാവധി 20 പേർക്ക്) ഒരു റിസോഴ്സ് പേഴ്സണ് 1150 രൂപ നിരക്കിലും (ഒരു ബാച്ചിന് പരമാവധി 2 പേർ) തനത് ഫണ്ടിൽനിന്ന് ചെലവഴിക്കാവുന്നതാണ്. ചെലവ് രേഖകൾ കിലക്ക് നൽകുന്ന മുറക്ക് ചെലവ് തുക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് കില അനുവദിച്ച് നൽകുന്നതാണ്.

ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കുന്നതിന് 6.2.2020, 7.2.2020 എന്നീ തിയ്യതികളിൽ പരിശീലനം നടത്തിയതിനു വൗച്ചർ നമ്പർ 21900822/11.2..2020 പ്രകാരം 2300 രൂപയും വൗച്ചർ നമ്പർ 21900832/14.2..2020 പ്രകാരം 22184 രൂപയും ചെലവഴിച്ചിട്ടുണ്ട്. പരിശീലനത്തിന് വേണ്ടി ചെലവഴിച്ച തുകയുടെ ചെലവ് രേഖകൾ കിലക്ക് നൽകി കിലയിൽനിന്ന് ഈ തുക ലഭ്യമാക്കിയോ , ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നളകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/22.4.22 ന് മറുപടി ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 ഭരണസമിതി തീരുമാനം - തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് വനിതാഭവന നിർമ്മാണ പദ്ധയിയിൽ ഉൾപ്പെടുത്തി 2010-11 ൽ 20 ഗുണഭോക്താക്കൾക്ക് അനുവദിച്ച 20 ലക്ഷം രൂപ നാളിത് വരെ ചെലവഴിച്ചിട്ടില്ലാത്തതിനാൽ തിരിച്ചടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ പട്ടികജാതി വികസന ഓഫീസറുടെ 20.8.20199 ലെ എസ്ടി- 11043/10 കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തി 17.9.2019 ലെ 8 നമ്പറായി തീരുമാനിച്ചിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14/22.4.22 ന മറുപടി ലഭ്യമാക്കിയിട്ടില്ല. പണം 2019-20 ൽ തിരിച്ചടവാക്കിയതായി കാണുന്നില്ല. പണം തിരിച്ചടവാക്കിയോ എന്നത് സംബന്ധിച്ചും ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക വിനിയോഗിക്കാത്തതിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച മറ്റു തുടർനടപടികൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-34 മുൻകൂർ വർഷങ്ങളോളമായി ക്രമീകരിക്കാതെ കിടക്കുന്ന

ഗ്രാമപഞ്ചായത്ത് വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത താഴെ പറയുന്ന പ്രവത്തികളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായതായി കാണുന്നില്ല.

| തുക നൽകിയ സ്ഥാപനം | ആവശ്യം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| ഡിസ്ട്രിക്റ്റ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ സൊസൈറ്റി | പി എച്ച്സി കെട്ടിട നിർമ്മാണത്തിനു ഗ്രാമപഞ്ചായത്ത് വിഹിതം | 21800905/13.3.2019 | 300000 |
| മിഷൻ ഡയറക്ടർ – എൻആർഇജിഎസ് | അംഗനവാടി നിർമ്മാണം – ഗ്രാമപഞ്ചായത്ത് വിഹിതം | 21800942/20.3.19 | 100000 |
| മിഷൻ ഡയറക്ടർ – എൻആർഇജിഎസ് | അംഗനവാടി നിർമ്മാണം – ഗ്രാമപഞ്ചായത്ത് വിഹിതം | 21801012/1.3.19 | 200000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 21700755/17.3.2018 | 200000 |
| അഡ്വാൻസ് രജിസ്റ്ററിൽ 1.4.17 ന ഓപ്പണിംഗ് ബാലൻസ് – തുക നൽകിയത് ആർക്കാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. | പ്രീ മൺസൂൺ ക്ലീനിംഗ് | ലഭ്യമല്ല. | 23430 |

മുൻകൂറുകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 10/22.04.22, 13/22.04.22 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഭൂ വികസന പെർമിറ്റ് - പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ (S.R.O.NO 829/2019 &GO(P)NO.78/2019/LSGD Dated.02.11.2019) ഷെഡ്യൂൾ 2 (ചട്ടം31 (1),(2)&(3)) പ്രകാരം 1 ആർ വിസ്തൃതി ഭൂ വികസനത്തിന് 750/ആർ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഡവലപ്മെന്റ് പെർമിറ്റിനായി ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അപേക്ഷകൻ | അസി.എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം ഭൂ വികസനം ആവശ്യമായ വിസ്തൃതി | ഈടാക്കിയ ഫീസ് | പെർമിറ്റ് നം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| ശ്രീ.മുഹമ്മദ് ഇർഫാൻ & മുതൽപേർ A3-5360/24.12.2019 | 0.0438 ഹെക്ടർ 4.38 ആർ (സ.നം 141/210/3) | 750/- (119060103452/21.01.2020) | A3-5360/2019-20-22.01.2020 | 4.38 X 750 = 3285 | 2535 |
| ശ്രീ. സി.അബ്ദുറഹിമാൻ, ചേലമഠത്തിൽ ഹൗസ് A3-5443/31.12.2019 | 0.04478ഹെക്ടർ 4.47 ആർ (സ.നം 141/166/4-6) | 750/- (119060104247/10.02.2020) | A3-5443/2019-20-11.02.2020 | 4.47 X 750 = 3353 | 2603 |

പെർമിറ്റ് ഫീസ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 17/19-20/23.04.2022ന് മറുപടി ലഭ്യമാക്കിയില്ല.)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 22.04.2022 മുതൽ 23.04.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 240000 | 285/20- ലൈഫ് ഭവനപദ്ധതി ജനറൽ. | 240000 | 0 |
| വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് | 1620000 | 286/20- ലൈഫ് ഭവനപദ്ധതി SC | 1620000 | 0 |
| വണ്ടൂർ ബ്ലോക്ക് | 170000 | 118/20- നെൽകൃഷി വികസനം | 170000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |
| ജില്ലാ പഞ്ചായത്ത് | 300000 | 15/20- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 363495 | 172/20- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 363495 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം. | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 170/20 – ഉരുളഞ്ചേരി കോളനി കുടിവെള്ളം | ബി.നം.690955 /16.10.2019 | 143119 | 143119 | 2020-21 ൽ പൂർത്തീകരിച്ചു. | 0 |
| KSEB | 293/20 ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | വൗച്ചർ 21900986 /20.03.2020 | 14496 | 14496 | 2021-22 ൽ പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ----- | 3236490 | 9113510 | 882353 | 0 | 11467647 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ എ.എഫ്.എസ്. പ്രകാരം 5810/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2008-09 | 2-2 | 300 | ശ്രീ.വി.എൻ.നാരായണൻ നായർ (എച്ച്.സി) | 119060101716 തി.26.10.2019 |
| 2011-13 | 3-15 | 1900 | ശ്രീമതി.പാർവ്വതി.വി.ഇ.ഒ | 119060101950 തി.12.11.2019 |
| 2008-09 2010-11 | 2-2 | 930 | ശ്രീ.എം.വി.മോഹനൻ (സെക്രട്ടറി) | 119060102042 തി.19.11.2019 |
| 2018-19 | | 2580 | ശ്രീ.എം.ജിനചന്ദ്രൻ (സെക്രട്ടറി) | 119060103616 തി.24.01.2020 |
| 2018-19 | | 100 | ശ്രീ.എം.ജിനചന്ദ്രൻ (സെക്രട്ടറി) | 119060103925 തി.2.01.2020 |

[ഇതിൽ 2680 (2580+100) രൂപ 2018-19 ഓഡിറ്റ് സമയത്ത് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം അടവാക്കിയ തുകയാണ്].

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 2001-02 | 26 | 2004-05 | | മരാമത്ത് പണികൾ പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2000-01 2001-02 | 22 | 2004-05 | | അവസാന ബില്ല്, പദ്ധതി നിർവ്വഹണ രേഖകൾ, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(9) | 2006-07 | | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് – പൂർത്തീകരണ വിവരമില്ല. | നിലനിൽക്കുന്നു. |
| 2004-05 | 3(34) | 2006-07 | | മുൻകൂർ തുക കൈപ്പറ്റി പണി പൂർത്തിയാക്കിയില്ല. പദ്ധതി പണം പാഴായി. | നിലനിൽക്കുന്നു. |
| 2014-15 | 2(4) | 2014-15 | | തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നില്ല. | നിലനിൽക്കുന്നു. |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

*എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ /ഈടാക്കാനവശേഷിക്കുന്ന തുക.*

| *ക്രനം* | *റിപ്പോർട്ട് വർഷം* | *ഖണ്ഡിക നമ്പർ* | *ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്.* | *ചാർജ്ജ് സർട്ടിഫിക്കറ്റ്* | | *സ്വയം അടവാക്കിയ തുക (രസീത് നമ്പര്, തിയ്യതി)* | *റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത്* | *കോടതി വ്യവഹാരങ്ങളിൽ* | | *ആകെ ലഭ്യമായ തുക* | *അവശേഷിക്കുന്ന തുക* |
|---|---|---|---|---|---|---|---|---|---|---|---|
| | | | | *നമ്പറും തിയ്യതിയും* | *തുക* | | | *ഉൾപെട്ട തുക* | *ഈടാക്കിയ തുക* | | |
| 1. | 2002-03 | 2-7 | ശ്രീ.നീലകണ്ഠൻ, ഹെഡ്ക്ലർക്ക്. | LF-11153/ Spl.cell/16411 | 5500 | 0 | -- | -- | -- | 0 | 5500 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | /SC5/2006 Dt. 07.04.2009 | | | | | | | |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക.

| ക്ര നം | റിപ്പോർട്ട് വർഷം | വഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| | | | ഇല്ല | | | | | ഇല്ല | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 98069556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67399611 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5138 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6,38,082 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 ( ഭാഗികം) | 2535 | -- | ശ്രീ. സുരേഷ്.എം.ജി- സെക്രട്ടറി (ഇൻ ചാർജ്ജ്) |
| 2-1 ( ഭാഗികം) | 2603 | -- | ശ്രീ. സത്യകുമാരൻ.കെ.കെ- സെക്രട്ടറി |

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 45637 | ശ്രീമതി. ലിനി.ജി, കൃഷി ഓഫീസർ |
| 1-16 | 592445 | ശ്രീ. അരുൺ.വി, അസിസ്റ്റന്റ് എൻജിനീയർ |
| ആകെ | 6,38,082 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ്.എം.ജി- സെക്രട്ടറി (ഇൻ ചാർജ്ജ്) | ജില്ലാ കോർഡിനേറ്റർ, ജില്ലാ കുടുംബശ്രീ ആലപ്പുഴ | ഞാണ്ടിക്കൽ മഠം, മന്നഞ്ചേരി പി.ഒ, ആലപ്പുഴ |
| ശ്രീ. സത്യകുമാരൻ.കെ.കെ- സെക്രട്ടറി | സെക്രട്ടറി, പോരുർ ഗ്രാമ പഞ്ചായത്ത് | കിടങ്ങയത്ത് ഹൗസ്, അമരമ്പലം .പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99<br>1999-00 | കെ.എസ്.എ.എം.പി.എം.6/392/04 തിയ്യതി:14.10.2019 | 20 |
| 2000-01<br>2001-02 | കെ.എസ്.എ.എം.പി.എം.6/811/04 തിയ്യതി: 14.10.2019 | 17 |
| 1999-00 | കെ.എസ്.എ.എം.പി.എം.6/1618/2016 തിയ്യതി: 14.10.2019 | 04 |
| 2001-02 | കെ.എസ്.എ.എം.പി.എം.6/1689/04 തിയ്യതി: 14.10.2019 | 07 |
| 2002-03 | കെ.എസ്.എ.എം.പി.എം.6/1837/04 തിയ്യതി: 14.10.2019 | 05 |
| 2003-04 | കെ.എസ്.എ.എം.പി.എം.6/1832/04 തിയ്യതി:14.10.2019 | 11 |
| 2004-05 | കെ.എസ്.എ.എം.പി.എം.6/1439/05 തിയ്യതി: 14.10.2019 | 27 |
| 2005-06 | കെ.എസ്.എ.എം.പി.എം.6/269/09 തിയ്യതി: 14.10.2019 | 09 |
| 2006-07 | കെ.എസ്.എ.എം.പി.എം.6/1653/09- തിയ്യതി:14.10.2019 | 09 |
| 2007-08 | കെ.എസ്.എ.എം.പി.എം.6/848/2010 തിയ്യതി: 14.10.2019 | 14 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ.എം.പി.എം.6/2129/12 തിയ്യതി: 14.10.2019 | 16 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |
| 2011-12 & 2012-13 | എൽ.എഫ്.എം.5/2225/14 തിയ്യതി: 05.12.2014 | 16 |
| 2013-14 &2014-15 | കെ.എസ്.എ.എം.പി.എം5/1623/16 തിയ്യതി: 25.07.2017 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം 5/3310/16 തിയ്യതി:15.03.2018 | 17 |
| 2016-17 | കെ.എസ്.എ.എം.പി.എം 5/1423/17 തിയ്യതി:19.07.18 | 15 |
| 2017-18 | കെ.എസ്.എ.എം.പി.എം 5/2626/18 തിയ്യതി:10.04.19 | 19 |
| 2018-19 | കെ.എസ്.എ.എം.പി.എം 5/2854/19 തിയ്യതി:10.11.2021 | 06 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പോരുർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്